# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1186 — 12-06-2014-ലെ മറുപടിക്ക്

### പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന വസ്തുക്കളുടെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ. സാജു പോൾ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| എ) | പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ മിക്കതും ഗുണമേന്മ കുറഞ്ഞതും മായം ചേർത്തവയുമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | എ) | ഇല്ല |
| ബി) | മാവേലി സ്റ്റോറുകളിൽ ചായം പൂശിയ മട്ട അരി വിതരണം ചെയ്യുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതു സംബന്ധിച്ച് പരിശോധനകൾ നടന്നിട്ടുണ്ടോ? വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയ ശേഷമാണ് സപ്ലൈകോ വിൽപ്പനശാലകൾ വഴി ഉൽപ്പന്നങ്ങൾ നൽകുന്നത്. കൂടാതെ, സപ്ലൈകോയുടെ വിൽപ്പന ശാലകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി റാൻഡമായി സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും എൻ.എ.ബി.എൽ. അംഗീകാരമുള്ള ലാബിലും നൽകി പരിശോധന നടത്താറുണ്ട്. കൂടാതെ കോന്നിയിലുള്ള സി.എഫ്.ആർ.ഡി. മൈക്രോബയോളജി/കെമിക്കൽ ലാബുകളിൽ എല്ലാ ഭക്ഷ്യവസ്തുക്കളും ഓരോ മാസവും റാൻഡമായി സാമ്പിൾ എടുത്ത് പരിശോധന നടത്തുന്നുണ്ട്. |
| സി) | ചില സ്വകാര്യ മില്ലുകളാണ് മാരകമായ വിഷാംശമുള്ള റെഡ് ഓക്സൈഡ് വിലകുറഞ്ഞ അരിയിൽ ചേർത്ത് വിപണനം നടത്തുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | നേരത്തെ കരിമ്പട്ടികയിൽപ്പെടുത്തിയ സ്വകാര്യ മില്ലുകളിൽ നിന്ന് സപ്ലൈകോ മട്ട അരി വാങ്ങുന്നുണ്ടോ? | ഡി) | കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യമില്ലുകളിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങാറില്ല. |

| | | | |
|---|---|---|---|
| ഇ) | കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കാനേല്പിക്കുന്ന ചില സ്വകാര്യമില്ലുകൾ നല്ല അരി തിരിമറി നടത്തി മോശപ്പെട്ട അരി ചായം പൂശി തിരിച്ചേല്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| എഫ്) | ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും മില്ലുകളുടെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ? വിശദാംശം ലഭ്യമാക്കുമോ? | എഫ്) | ഇല്ല |

Beena

**സെക്ഷൻ ഓഫീസർ**